2B5N20296 (Pages : 2) Reg. No:..........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2020**

**BMAL5B07 – Malayala Vyakaranam**

(2018 Admission onwards)

Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും ഒരു മാർക്കുവീതം**

1. ഗതിചേർന്ന വിഭക്ത്യന്തപദത്തിനു പറയുന്ന പേരെന്ത് ?
2. സ്വരസംയോഗം കൂടാതെ നിൽക്കുന്ന വ്യഞ്ജനങ്ങളാണ് ?
3. അലമാരി, കസേര തുടങ്ങിയ പദങ്ങൾ ഏതു ഭാഷയിൽനിന്ന് സ്വീകരിച്ചവയാണ്.
4. സന്ധ്യക്ഷരങ്ങൾ ഏവ ?
5. ഒരു നാമത്തിനുപകരം നിൽക്കുന്ന മറ്റൊരു നാമപദമാണ് ________ ?
6. അളവിനെക്കുറിക്കുന്ന ഭേദകത്തിനു പറയുന്ന പേരെന്ത് ?
7. 'മലയാഴ്മയുടെ വ്യാകരണം' - രചിച്ചതാര് ?
8. ഒരു ക്രിയാപദത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയാണ് ?
9. അർത്ഥലോപംവന്ന് ദ്യോതകങ്ങളായിത്തീർന്ന വാചകപദങ്ങളെപറയുന്ന പേരെന്ത് ?
10. 'കൈരളീ ശബ്ദാനുശാസനം' രചിച്ചതാര് ?
11. ജാതിവ്യക്തിവ്യത്യാസമില്ലാത്ത വസ്തുക്കളെ പൊതുവെ കുറിക്കുന്ന നാമമേത് ?
12. ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണ്ണിക്കുന്ന ഭേദകമാണ് ? **(12 x 1 = 12)**

**B. എതെങ്കിലും ഏഴു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും രണ്ടു മാർക്കു വീതം**

13. സമാസവിഭക്തി എന്നാൽ എന്ത് ?
14. സിദ്ധക്രിയ, സാധ്യക്രിയ ഇവ വിശദീകരിക്കുക.
15. നിഗീർണ്ണകർത്തൃകക്രിയ എന്നാൽ എന്ത് ?
16. നാമധാതു എന്നാൽ എന്ത് ?
17. ആഖ്യാതനാമം എന്നാൽ എന്ത് ?
18. മുറ്റുവിന, പറ്റുവിന - വിശദീകരിക്കുക.
19. വ്യാക്ഷേപകങ്ങൾ എന്നാൽ എന്ത് ?
20. കൃതികൃത്തുക്കൾ എന്നാൽ എന്ത് ? **(7x 2 = 14)**

**C.** ഏതെങ്കിലും അഞ്ചുചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ആറു മാർക്കു വീതം

21. അക്ഷരം, വർണ്ണം, ലിപി, – വിശദീകരിക്കുക.

22. അനുനാസികാതിപ്രസരം, അനുനാസികസംസർഗ്ഗം എന്നിവ വിശദീകരിക്കുക.

23. 'കൂട്ടക്ഷരമിരട്ടിക്ക

    പദമധ്യത്തിലാവുകിൽ' - വിശദീകരിക്കുക

24. ലീനധ്വനി, പ്രകടധ്വനി ഇവ എന്തെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

25. വിവർത്തനപ്രക്രിയ എന്നാൽ എന്ത് ?

26. സമാനാധികരണവിധി, വ്യധികരണവിധി എന്നിവ എന്ത് ? **(5 x 6 = 30)**

**D.** **ഏതെങ്കിലും മൂന്നു ചോദ്യത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും എട്ടുമാർക്കു വീതം.**

27. കേരളപാണിനിയുടെ സമാസവിഭജനം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

28. 'അം' അംഗപ്രത്യയമോ ലിംഗപ്രത്യമോ ? വിശദീകരിക്കുക.

29. മലയാളത്തിലെ ക്രിയകളെ കേരളപാണിനി എപ്രകാരം തരം തിരിച്ചിരിക്കുന്നു

    വിശദീകരിക്കുക ?

30. കേരളപാണിനീയത്തിലേയും ലീലാതിലകത്തിലെയും സന്ധിചർച്ചകളെ താരതമ്യം

    ചെയ്യുക ? **(3 x 8 = 24)**

15

2B5N20297 (Pages : 2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2020**

**BMAL5B08 – Paschathya Sahithya Sidhanthangal**

(2018 Admission onwards)

Time: 3 hours Max. Marks: 80

A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക.

1. ഡയലോഗ്സ് ആരുടെ കൃതിയാണ് ?
2. സ്കൂൾ ഓഫ് റെട്ടറിക്ക് ആരുടേയാണ് ?
3. ആന്റിഗണിയുടെ രചയിതാവ് ?
4. ടൈപ്പ് കഥപാത്രങ്ങൾക്കു പ്രാമുഖ്യമുള്ള നാടക രൂപമേത് ?
5. ഓൺ ലിറ്ററി എക്സലൻസ് ആരുടെ കൃതിയാണ് ?
6. നിയോ - ക്ലാസിസത്തിന്റെ കാവ്യ നിയമങ്ങൾക്കെതിരെ ആദ്യമായി കലഹിച്ച നിരൂപകൻ ?
7. മനോധർമത്തിന്റെ മറ്റൊരു പേര് ?
8. കലയുടെ മുഖ്യധർമമായി സംക്രമണത്തെ കാണുന്ന നിരൂപകൻ ?
9. സർറിയലിസത്തിന്റെ ഉപജ്ഞാതാവ് ?
10. സെമിയോട്ടിക്സിന്റെ ഒരു ശാഖയാണ്-?
11. യുക്തിയുടെ മണ്ഡലത്തിന് മനഃശാസ്ത്രം നൽകുന്ന പേര് ?
12. അധമ കലയ്ക്ക് ഉദാഹരണമായി ടോൾസ്റ്റോയി ചൂണ്ടിക്കാട്ടുന്നതെന്ത് ?

**(12 x 1 = 12)**

B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക

13. കോളറിഡ്ജിന്റെ കവിതാ നിർവ്വചനം ?
14. എന്താണ് സ്ഥിതിവിപര്യയം ?
15. തെറ്റായ ഉദാത്തതയുടെ കാരണങ്ങൾ ?
16. പൊയറ്റിക് ഫെയ്ത്ത് എന്താണ് ?
17. അരിസ്റ്റോട്ടിലിന്റെ വിവക്ഷയിൽ ഇതിവൃത്തത്തിന്റെ രണ്ടുഭാഗങ്ങൾ ?
18. എന്താണ് മിമസിസ് ?

19. ആഖ്യാന കവിത - നിർവ്വചിക്കുക ?

20. പ്ലേറ്റോയുടെ പദാർത്ഥ നിർവ്വചനമെന്ത് ?

**(7 x 2 = 14)**

**C. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

21. റിയലിസത്തിന്റെ സവിശേഷതകൾ ?

22. ചിഹ്ന വിജ്ഞാനീയത്തിന്റെ സാധ്യതകൾ പരിചയപ്പെടുത്തുക ?

23. പ്ലേറ്റോ കവിതയെ എതിർക്കുന്നതിനുള്ള കാരണങ്ങൾ ?

24. യഥാർത്ഥമായ ഉദാത്തതയുടെ ഘടകങ്ങൾ വിശദമാക്കുക ?

25. കാവ്യ ഭാഷയെ കുറിച്ച് വേഡ്സ്വർത്തിന്റെ അഭിപ്രായമെന്ത് ?

26. ടോൾസ്റ്റോയിയുടെ സാർവ്വലൗകിക കല - നിർവ്വചനമെന്ത് ?

**(5 x 6 = 30)**

**D. ഏതെങ്കിലും മൂന്നെണ്ണത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

27. അരിസ്റ്റോട്ടിലിയൻ ട്രാജഡിയെ സമഗ്രമായി പ്രതിപാദിക്കുക ?

28. ആധുനികാനന്തര വിമർശന സിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുക ?

29. ബയോഗ്രഫിയ ലിറ്ററേറിയയിലെ കാവ്യ സമീക്ഷ വിശകലനം ചെയ്യുക ?

30. ടോൾസ്റ്റോയിയുടെ കലാചിന്ത മനുഷ്യ ജീവിതത്തെ കേന്ദ്രീകരിച്ചുള്ളതാണ് - വിലയിരുത്തുക ?

**(3 x 8 = 24)**

16

2B5N20298 (Pages : 3) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Fifth Semester BA Malayalam Degree Examination, November 2020

## BMAL5B09 – Malayala Sahithya Vimarshanam

(2018 Admission onwards)

Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക**

1. ഫ്യൂച്ചറിസത്തിന് വേദപുസ്തകം എന്നറിയപ്പെടുന്ന എന്ന ഗ്രന്ഥം രചിച്ചതാര് ?
2. ഇനി ഇവിടെ നിന്നും എങ്ങോട്ട് എന്ന ലേഖനം എം. ഗോവിന്ദന്റെ ഏത് കൃതിയിലേതാണ് ?
3. 'അവനവൻ ആകാൻ നടത്തുന്ന അവിരാമമായ പോരാട്ടത്തിനിടയിൽ ആത്മാവിലൂറുന്ന അമൃതാണ് സ്വാതന്ത്ര്യം' എന്ന് പറഞ്ഞത് ആര് ?
4. ഗന്ധങ്ങൾ ആരുടെ കവിതയാണ് ?
5. വൈരുദ്ധ്യ ബോധമാണ് ഹാസ്യത്തിന് നിദാനമാകുന്നതെന്ന് പറഞ്ഞത് ആര് ?
6. 'ജാതിയെന്ന രാക്ഷസനെ വധിക്കാതെ നിങ്ങൾക്ക് സാമൂഹിക പരിഷ്ക്കാരവും, സാമ്പത്തിക പരിഷ്ക്കാരവും സാധ്യമല്ല' ആരുടെ വാക്കുകൾ ?

   (ഫൂലെ, അംബേദ്കർ, കാൻഷിറാം)
7. ഒരു കൃതിയെ സർവ്വഥാ അനുകൂലിച്ച് ചെയ്യുന്ന വിമർശനമാണ് .......... ?
8. 'സംഗീതം ഒരു സമയകല' എന്ന കഥ എഴുതിയത് ആര് ?
9. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കുട്ടികൃഷ്ണമാരാരുടെ കൃതി ?

   (സാഹിത്യ വിദ്യ, കല ജീവിതം തന്നെ, രാജാങ്കണം)
10. തകഴിയുടെ ആത്മകഥയാണ് .......... ?
11. ക്ഷോഭിക്കുന്നവരുടെ സുവിശേഷം ആരുടെ കൃതിയാണ് ?
12. പി.കെ നാരായണപിള്ള അറിയപ്പെട്ടിരുന്നത് ..........പേരിലാണ് ?

(12 x 1 = 12)

B. ഏഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

13. രാമന്റെ ഗുണഗണങ്ങളിൽ ഏറ്റവും മികച്ചു നിൽക്കുന്നതെന്ത് ?
14. ഭാഷാ ബന്ധം എന്നാലെന്ത് ?
15. 'കാരണം കാട്ടിൽ കാര്യം കൊട്ടാരത്തിൽ' വിവക്ഷിതമെന്ത് ?
16. പൊട്ടുമോ എന്നുറപ്പില്ലാതെ എം.ടി. പൊട്ടിച്ച ഒറ്റപ്പടക്കം എന്തായിരുന്നു ?
17. ജാതിയില്ലാത്ത സമൂഹത്തിന്റെ രൂപീകരണത്തിനായി എം.ഗോവിന്ദൻ നൽകുന്ന രണ്ട് നിർദേശങ്ങൾ ഏവ ?
18. തകഴിയുടെ ചെമ്മീൻ എന്ന നോവലിനെക്കുറിച്ച് കെ.എം തരകന്റെ അഭിപ്രായമെന്ത് ?
19. വിമർശനം എന്നത്കൊണ്ട് അർത്ഥമാക്കുന്നത്?
20. കെ.പി. അപ്പൻ എഴുത്തുകാരൻ ഹെർമർ ഹെസ്സെയുടെ 'സിദ്ധാർത്ഥ' എന്ന നോവലിലെ നായകനെപോലെ ആയിരിക്കണം എന്ന് പറയുന്നതിന് കാരണമെന്ത് ?

(7 x 2 = 14)

C. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക

21. മലയാള നിരൂപണ രംഗത്ത് സി.പി. അച്യുതമേനോന്റെയും, കേരളവർമ്മ വലിയ കോയി തമ്പുരാന്റെയും സംഭാവനകൾ വിലയിരുത്തുക ?
22. 'അൺ പോപ്പുലർ' എഴുത്തുകാരനാണു മേതിൽ എന്ത് കൊണ്ട് ?
23. അങ്ങാടി വ്യാപാരത്തിൽ ഒരു ഭാഷയ്ക്കും ആധികാരികതയില്ല വിലയിരുത്തുക ?
24. രാമായണം സീതയുടെ അയനമായി മാറിയതെങ്ങനെയെന്ന് വിശദീകരിക്കുക ?
25. ഫ്യൂച്ചറിസത്തിന്റെ സവിശേഷതകളെയും കേരളീയ സുന്ദരകലകളിൽ അതിന്റെ പ്രയോഗ സാധ്യതകളേയും കേസരി നിരീക്ഷിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക ?
26. മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോട് ഉത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോടു തന്നെ ഉത്തരവാദപ്പെട്ടിരിക്കുന്നു എന്ന് പറയുന്നത് എന്തു കൊണ്ട് ?

(5 x 6 = 30)

**D.** ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക

27. യഥാർത്ഥത്തിൽ എഴുത്തുകാരന്റെ സ്വാതന്ത്ര്യം എന്താണ് എന്നാണ് കെ.പി. അപ്പൻ നിരീക്ഷിക്കുന്നത് ?
28. ഹാസ്യത്തിന്റെ ഉൽപത്തിയെക്കുറിച്ച് എം.പി. പോളിന്റെയും വിവിധ സൈദ്ധാന്തികരുടെയും അഭിപ്രായങ്ങൾ എന്തെല്ലാം ?
29. വൈലോപ്പിള്ളി കവിതയിൽ ദർശിക്കാവുന്ന ഏനൽ എറോട്ടിക് സ്വഭാവ സവിശേഷതകൾ എന്തെല്ലാമാണ് എം.എൻ. വിജയന്റെ സഹ്യന്റെ മകൻ എന്ന ലേഖനത്തെ മുൻ നിർത്തി വിശദമാക്കുക ?
30. വേലുക്കുട്ടി അരയന്റെ ചെമ്മീൻ നിരൂപണം മലയാളസാഹിത്യ ചരിത്രത്തിൽ അടയാളപ്പെടുത്താതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുക ?

(3 x 8 = 24)

2B5N20299 (Pages : 1) 17 Reg. No:.............................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Fifth Semester BA Malayalam Degree Examination, November 2020

## BMAL5B10 – Nadodi Vinjaneeyam

(2018 Admission onwards)

Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക (12x 1=12)**

1. 'നാടോടിവിജ്ഞാനീയം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
2. 'ഫോക്‌ലോർ' എന്ന പദം ആദ്യം പ്രയോഗത്തിൽ വരുത്തിയതാര്?
3. ഫോക്‌ലോറിന്റെ പിതാക്കന്മാർ എന്നറിയപ്പെടുന്നത് ആരൊക്കെ?
4. 'ആന്റിക്വിറ്റീസ് ഓഫ് കോമൺ പീപ്പിൾ' എന്ന ഗ്രന്ഥം രചിച്ചതാര്?
5. ഫോക്‌ലോറിന് ഏതെങ്കിലുമൊരു നിർവചനം എഴുതുക?
6. കേരളത്തിലെ ഇസ്ലാംമതക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള പാട്ടുകൾക്കു പൊതുവെ പറയുന്ന പേര്?
7. പടയണി കേരളത്തിലെ ഏതൊക്കെ ജില്ലകളിലാണ് അരങ്ങേറുന്നത്?
8. ഏതെങ്കിലും നാല് തുകൽവാദ്യങ്ങളുടെ പേരെഴുതുക?
9. സുറിയാനി ക്രൈസ്തവരുടെ ഇടയിൽ പ്രചാരം ലഭിച്ചിട്ടുള്ള സംഘനൃത്തം?
10. ഏതു പദത്തിന്റെ തൽഭവ രൂപമാണ് തെയ്യം?
11. ഫോക് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
12. കേരള ഫോക്‌ലോർ അക്കാദമി പുറത്തിറക്കുന്ന ചതുർമാസികയുടെ പേര്?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക (7x 2=14)**

13. നാടോടിവിജ്ഞാനവും നാടോടിവിജ്ഞാനീയവും തമ്മിലുള്ള വ്യത്യാസം എന്ത്?
14. ഫോക്‌ലോറിന്റെ സവിശേഷതയിൽ പാരമ്പര്യത്തിനുള്ള പ്രാധാന്യമെന്ത്?
15. ഫോക്‌ലോർ സംസ്കാരത്തിന്റെ സാധൂകരണമാണെന്നു പറയാനുള്ള കാരണം?
16. സാമുദായികപ്പാട്ടുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
17. കടങ്കഥ എന്നാൽ എന്ത്?
18. മാപ്പിളപ്പാട്ടിന്റെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം?
19. പുരാവൃത്തവും ഐതിഹ്യവും വേറിടുന്നതെങ്ങനെ?
20. കാർഷികസംസ്കാരവുമായി ബന്ധപ്പെടുന്ന നാല് പഴഞ്ചൊല്ല് എഴുതി പൊരുളു തിരിക്കുക?

**C. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക (5 x 6=30)**

21. ഫോക്‌ലോറിന്റെ ആദ്യകാല പഠനചരിത്രം സംക്ഷേപിക്കുക?
22. ഫോക്‌ലോറിനെ പ്രധാനമായും വർഗീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക?
23. വീരകഥാഗാനങ്ങളിൽ വടക്കൻപാട്ടിനുള്ള സ്ഥാനം അടയാളപ്പെടുത്തുക?
24. നാടൻകലാരൂപമെന്ന നിലയിൽ മാർഗംകളിയുടെ പ്രാധാന്യമെന്ത്?
25. നാടോടിക്കഥകളിൽ പ്രത്യക്ഷമാകുന്ന നാടോടിവിജ്ഞാനത്തിന്റെ പ്രത്യേകതകൾ ചുരുക്കി അവതരിപ്പിക്കുക?
26. മുസ്ലിങ്ങളുടെ വ്യത്യസ്ത ജീവിതസന്ദർഭങ്ങൾ 'ഒപ്പന'യെന്ന കലാപ്രകടനത്തിന് അടിസ്ഥാനമാകുന്നതെങ്ങനെ?

**D. ഏതെങ്കിലും മൂന്നെണ്ണത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക (3 x 8 =24)**

27. ഫോക്‌ലോറിന്റെ സവിശേഷതകൾ ചുരുക്കി അവതരിപ്പിക്കുക?
28. പടയണിയിലെ വിവിധ കോലങ്ങൾ പരിചയപ്പെടുത്തുക?
29. ഉത്തരകേരളത്തിന്റെ ജീവിതവും സംസ്കാരവും തെയ്യത്തിൽ പ്രത്യക്ഷമാകുന്നതെങ്ങനെ?
30. "വിശപ്പടക്കുകയെന്നതിനെക്കാൾ ഭക്ഷണം വ്യത്യസ്തജനതയുടെ സംസ്കാരവും രാഷ്ട്രീയവും പ്രതിഫലിപ്പിക്കുന്നു" വിലയിരുത്തുക?

18

2B5N20300 (Pages :2) Reg. No:……………………..

Name: …………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam(Open Course) Degree Examination, November 2020**

**BMAL5D01– Chalachithra Padanam**

(2018 Admission onwards)

Time: 2 hours Max. Marks: 40

**A.** എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. പഥേർ പാഞ്ചാലിക്ക് ആധാരമായ നോവൽ എഴുതിയതാരാണ് ?
2. 'വിഗതകുമാര'നിൽ നായികാവേഷമഭിനയിച്ച നടിയുടെ പേരെന്ത് ?
3. 'ബർത്ത് ഓഫ് എ നേഷൻ' എന്ന സിനിമയുടെ സംവിധായകനാര് ?
4. നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യയുടെ സ്ഥാപകനായ മലയാളി ?
5. സലിൽ ചൗധരി ചലച്ചിത്രത്തിലെ ഏതു മേഖലയുമായി ബന്ധപ്പെട്ട പ്രശസ്ത നായ വ്യക്തിയാണ് ?
6. മലയാളത്തിലെ ആദ്യ ശബ്ദ സിനിമ ?
7. ഏതു നഗരത്തിൽ വെച്ചാണ് ലൂമിയർ സഹോദരൻമാർ തങ്ങളുടെ ആദ്യ ചലച്ചിത്ര പ്രദർശനം നടത്തിയത് ?
8. റാഷമോൺ എന്ന സിനിമയുടെ സംവിധായകനാര് ?
9. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് കേരള സർക്കാർ നൽകുന്ന പരമോന്നത പുരസ്ക്കാരം ?
10. 'രാം കെ നാം' ആരുടെ ഡോക്യുമെന്ററിയാണ് ?

(10 x ½ = 5)

**B.** അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

11. റോഡ് മൂവി എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ് ?
12. ഷോട്ട - സീൻ - നിർവ്വചിക്കുക
13. ജാസ് സിംഗർ എന്ന സിനിമയ്ക്ക് ചലച്ചിത്ര ചരിത്രത്തിലുള്ള പ്രാധാന്യമെന്ത് ?

14. നാനൂക്ക ഓഫ് ദ നോർത്ത എന്ന ഡോക്യുമെന്ററിയുടെ ചരിത്രപ്രാധാന്യം ചുരുക്കിയെഴുതുക ?

15. ഫീച്ചർ സിനിമ – ഡോക്യുമെന്ററി സിനിമ സാമ്യഭേദങ്ങൾ സംക്ഷേപിക്കുക ?

16. ഫിലിം സൊസൈറ്റി പ്രസ്ഥാനം എന്നാലെന്താണ് ?

5 x 2 = 10

**C.ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

17. ദീപ മേത്തയുടെ 'വാട്ടർ' സിനിമയെ അടിസ്ഥാനപ്പെടുത്തി ചലച്ചിത്ര നിരൂപണം തയ്യാറാക്കുക ?

18. ഇറ്റാലിയൻ നിയോറിയലിസത്തിന് ചലച്ചിത്ര ചരിത്രത്തിലുള്ള പ്രാധാന്യം വിലയിരുത്തുക ?

19. മധ്യവർത്തി സിനിമ മലയാള സിനിമയിൽ സൃഷ്ടിച്ച സവിശേഷ വ്യതിയാനങ്ങളെ രേഖപ്പെടുത്തുക ?

20. 'നീലക്കുയിൽ' സിനിമ മലയാള സിനിമയിൽ രൂപപ്പെടുത്തിയ നവീനതകളെ ചർച്ച ചെയ്യുക ?

3 x 5 = 15

**D.ഏതെങ്കിലും ഒരു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

21. അടൂർ ഗോപാലകൃഷ്ണന്റെ ചലച്ചിത്ര സംഭാവനകളെ വിലയിരുത്തുക ?

22. ഇറാനിയൻ സിനിമകൾക്ക് ലോകമെങ്ങും വലിയ സ്വീകാര്യതയുണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കാം – ചർച്ച ചെയ്യുക ?

1 x 10 = 10